# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1885

04.05.2017-ൽ മറുപടിയ്ക്ക്

## റാന്നിയിൽ റബ്ബർ പാർക്ക് പ്രാവർത്തികമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | റാന്നിക്ക് പ്രഖ്യാപിച്ച റബ്ബർ പാർക്ക് പ്രാവർത്തികമാകാത്തത് എന്തുകൊണ്ടാണെന്നറിയിക്കാമോ; ഇതിനു ശേഷം പ്രഖ്യാപിച്ച പാർക്കുകൾപോലും യാഥാർത്ഥ്യമായപ്പോൾ റബ്ബർ ഉൽപ്പാദന കേന്ദ്രമായ റാന്നിയിലെ റബ്ബർ പാർക്ക് ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | എ)<br>&<br>ബി) | കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി ചേർന്ന് റാന്നിയിൽ ഒരു റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിന് 2008-ൽ തന്നെ സർക്കാർ തീരുമാനിച്ചിരുന്നതാണ്. എന്നാൽ ഇതിനാവശ്യമായ ഭൂമി ലഭിക്കുന്നതിൽ വന്ന ചേർന്ന നിയമതടസ്സങ്ങളും, സമീപ പ്രദേശമായ ഐരാപുരത്ത് കിൻഫ്രയും റബ്ബർ ബോർഡും സംയുക്തമായി സ്ഥാപിച്ചിട്ടുള്ള റബ്ബർ പാർക്കിന്റെ പ്രയോജനം ഈ മേഖലയിലും ലഭ്യമാണ് എന്നും കണ്ടതിനാൽ പ്രസ്തുത പാർക്കിന്റെ പ്രവർത്തനം അടിയന്തര സ്വഭാവത്തിൽ നടപ്പിലാക്കേണ്ട സാഹചര്യമില്ലെന്ന് കിൻഫ്ര അറിയിക്കുകയുണ്ടായി. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സംരംഭം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു കൂട്ടുകയുണ്ടായി. എ.വി.റ്റി. കമ്പനിയുടെ അധീനതയിൽ ലഭ്യമായിട്ടുള്ള ഭൂമിയിൽ ഉദ്ദേശം 500 ഏക്കറോളം പുറമ്പോക്കാണെന്നും പ്രസ്തുത സ്ഥലം റബ്ബർ പാർക്കിന് യോഗ്യമാണോ എന്ന് പരിശോധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് നല്കുന്നതിന് കിൻഫ്രയുടെയും റവന്യൂ വകുപ്പിന്റെയും ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിക്കൊണ്ട് പ്രസ്തുത യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. തുടർന്ന് കിൻഫ്ര ഒരു പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് നല്കുകയുണ്ടായെങ്കിലും പ്രസ്തുത പ്രോജക്ടിന്റെ സാമ്പത്തിക സാദ്ധ്യതകളും, വാണിജ്യ സാമൂഹ്യ കാർഷിക മേഖലകളിൽ ഈ പ്രോജക്ട് വഴി ഉണ്ടായേക്കാവുന്ന പുരോഗതിയും അതോടൊപ്പം സംജാതമായേക്കാവുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും സമഗ്രമായി വിലയിരുത്തപ്പെട്ടിരുന്നില്ല. ഈ സാഹചര്യത്തിൽ പ്രൊഫഷണൽ സ്വഭാവത്തോടു കൂടിയ ഒരു സമഗ്ര പഠനം നടത്തി റിപ്പോർട്ട് നല്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചതിനു ശേഷം മാത്രമെ ഇക്കാര്യത്തിൽ തുടർ നടപടികൾ സാധ്യമാവുകയുള്ളൂ. |
| ബി) | ആയിരക്കണക്കിന് ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കാവുന്ന റബ്ബർ പാർക്ക് യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ